**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1091** **18-09-2025 - ൽ മറുപടിയ്ക്ക്**

**നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കനാൽ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഫണ്ട് അനുവദിച്ച ഏതെല്ലാം കനാൽ റോഡുകൾക്കാണ് ഇറിഗേഷൻ വകുപ്പിന്റെ അനുമതി നൽകാൻ കാലതാമസം വന്നിട്ടുള്ളത്; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് അടിയന്തരമായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകാമോ? | (എ) | മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം നടുവണ്ണൂർ പഞ്ചായത്ത് അനുമതി നൽകാൻ (NOC) Water Conservation Act പ്രകാരം 115/- രൂപ അപേക്ഷ ഫീസ് ഒടുക്കിയ രശീതും ആവശ്യമായ രേഖകളും സഹിതം Form 3 A ൽ അപേക്ഷിച്ചിരുന്നു. "പുതിയോട്ടിൽ മീത്തൽ കാരങ്ങൽ കനാൽ റോഡ്" എന്ന പ്രവൃത്തിയുടെ അപേക്ഷ NOC അനുവദിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. ഇതേ പദ്ധതിയിൽ നടുവണ്ണൂർ പഞ്ചായത്തിൽ ഉൾപ്പെട്ട (1) കിഴക്കേടത്ത് മുക്ക് കൊക്കരപ്പാറ റോഡ് (2) നടുവണ്ണൂർ മെയിൻ കനാൽ റോഡ് എന്നീ പ്രവൃത്തികളുടെ NOC യ്ക്കുള്ള അപേക്ഷ ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ